The cut motion moved by Shri K. Anirudhan was put and lost.

The cut motion moved by Shri Thundathil Kunjukrishna Pillai was put and lost.

The cut motion moved by Shri Pinarayi Vijayan was put and lost.

The question that Government be granted a sum of Rs. 4,20,69,900 under Demand XLI—Transport was put and carried.

The Demand was passed and the grant was made.

Mr. Deputy Speaker: Order, order....

The House will now adjourn and meet again at 4 p.m.

(സഭ ഉച്ചയ്ക്ക് 2.15 മണിയ്ക്ക് പിരിയുകയും വൈകുന്നേരം 4 മണിയ്ക്ക് ബഹു: സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു).

മുഖ്യമന്ത്രി (ശ്രീ.പി.കെ. വാസുദേവൻനായർ): സർ, ഇന്നത്തെ കാര്യപരിപാടിയിൽ ഒരുചെറിയ ഭേദഗതി ഞാൻ നിർദ്ദേശിക്കുകയാണ്.

1979-ലെ ശമ്പളങ്ങളും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആദ്യം എടുത്ത് പാസ്സാക്കിയതിനുശേഷം ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ചർച്ച തുടങ്ങാം.

(സഭ സമ്മതിച്ചു)

IX. നിയമനിർമ്മാണകാര്യം—1979-ലെ ശമ്പളങ്ങളും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): സർ, 1979-ലെ ശമ്പളങ്ങളും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): ഈ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ.എം.കെ.രാഘവൻ): ഞാൻ അതിനെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ:): സർ, നമ്മുടെ നിയമസഭാ സാമാജികൻമാർക്ക് ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്ന അലവൻസിൽ ചില വർദ്ധനവ് നിർദ്ദേശിക്കുന്ന നിയമമാണ് ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളത്. അതോടൊപ്പം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ് എന്നിവർക്ക് ലഭിക്കുന്ന ടി. എ. യും അല്പം കൂടി വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശമുണ്ട്. ഇത് തികച്ചും അനിവാര്യമായ ഒരു കാര്യമാണ്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭാ സാമാജികൻമാർക്ക് അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിന് ഇതാവശ്യമാണെന്ന് കരുതിയാണ് ഞാൻ ഒരു ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. പ്രധാനമായും രണ്ടുനിർദ്ദേശങ്ങളാണ് ഉള്ളത്. 1. നിയമസഭാ സാമാജികൻമാർക്കെല്ലാം പ്രതിമാസം ടെലഫോൺ അലവൻസ് എന്ന പേരിൽ 200 രൂപ നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. നിലയാജകമണ്ഡല അലവൻസ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നതിൽ നിന്നും 100 രൂപാകൂടി വർദ്ധിപ്പിക്കുവാനും ആണ് ഉദ്ദേശിക്കുന്നത്. ഇത് രണ്ടും നിയമസഭാസാമാജികൻമാർ എന്നുള്ള നിലയ്ക്കുള്ള പ്രവർത്തനത്തിന് കൂടുതൽ സഹായകമാകും എന്ന് ഞാൻ പരിപൂർണ്ണമായും വിശ്വസിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ടപ്രശ്നം സാമാജികൻമാരുടെ സഞ്ചാരസൗകര്യം ആണ്. കേരളത്തിൽ പണ്ടൊക്കെ റെയിൽവെ സൗകര്യം വളരെ കുറവായിരുന്നു. മിക്കവാറും എല്ലാവരും റോഡുമാർഗ്ഗമുള്ള സഞ്ചാരമാണ് നടത്തിക്കൊണ്ടിരുന്നത്. ഇപ്പോൾ കുറച്ചുകൂടി സൗകര്യം റെയിൽവേയിൽ ഉണ്ടായിട്ടുണ്ട്. മലബാറിൽനിന്നുള്ള മെമ്പറൻമാർ ആ സൗകര്യം അനുസരിച്ചാണ് യാത്രചെയ്യുന്നത്, അതിനുവേണ്ടിയുള്ള കൂപ്പൺ സമ്പ്രദായം അപര്യാപ്തമാണ്. അതിനെക്കുറിച്ച് കേരളത്തിനുള്ളിലുള്ള യാത്രക്കാർക്ക് അറിയാവുന്നതാണ്. ഇതിന് പാസ്സ് കിട്ടുമോ എന്നുള്ള കാര്യത്തെ കുറിച്ച് ബോർഡുമായി ചർച്ചനടത്തുവാൻ പോവുകയാണ്. കേരളത്തിനുള്ളിലെ സഞ്ചാരത്തിന് പാസ്സ് ബസ്സിൽ കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. അത് റെയിൽവേയിൽകൂടി കിട്ടുന്നതിനുവേണ്ട ഏർപ്പാട് ചെയ്യുന്നതാണ്.

തിരുവനന്തപുരത്തുനിന്നും 8 കിലോമീറ്റർ ഉള്ളിൽ താമസിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭിക്കുന്ന ടി. എ. യിലും ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇത്രയുമാണ് പ്രധാനമായും ഉള്ള മാറ്റം. മന്ത്രിമാർക്കും തിരുവനന്തപുരം നഗരത്തിൽ ഒരു നിശ്ചിത തുക ടി. എ. ആയി കൊടുക്കുന്നുണ്ട്. ഇപ്പോഴത്തെ വർദ്ധിച്ച ചെലവും പെട്രോൾ വിലയും പരിഗണിച്ച് അതിൽ 150 രൂപ കൂടി വർദ്ധിപ്പിക്കുകയാണ്. അതുപോലെതന്നെ 45 പൈസ ഒരു കിലോമീറ്ററിനെന്നുള്ളത് 55 പൈസയായി വർദ്ധിപ്പിക്കുവാനും നിർദ്ദേശമുണ്ട്. മറ്റു പല സംസ്ഥാനങ്ങളിലും നിലവിലിരിക്കുന്ന വ്യവസ്ഥകൂടി പരിശോധിക്കുകയുണ്ടായി. എല്ലാ സംസ്ഥാനങ്ങളിലുമുള്ളത് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. നാലഞ്ച് സംസ്ഥാനങ്ങളുമായി നമ്മുടെ സംസ്ഥാനത്തെ താരതമ്യപ്പെടുത്തി നോക്കിയപ്പോൾ കേരളത്തിലുള്ളത് എത്രയോ പുറകിലാണെന്നാണ് കാണാൻ കഴിഞ്ഞത്. കേരളത്തിൽ എം. എൽ. എ. മാരുടെ അലവൻസ് 450 രൂപയാണെങ്കിൽ ഹരിയാനയിൽ 700 രൂപ, പഞ്ചാബിൽ 725 രൂപ, മഹാരാഷ്ട്രയിൽ 700 രൂപ, ആന്ധ്രാപ്രദേശിൽ 600 രൂപ ഇങ്ങനെയാണ് ഇപ്പോഴത്തെ കണക്ക്. അലവൻസ് മാത്രമല്ല ഡി. എ.-യും നമ്മുടെ സ്റ്റേറ്റിലുള്ളതിനെക്കാൾ മറ്റ് സ്റ്റേറ്റുകളിൽ കൂടുതൽതന്നെയാണ്. ഇവിടെ ഡി. എ. 25 രൂപയാണ്. അത് തമിഴ്നാട്ടിൽ 35 രൂപ, ഹരിയാനയിൽ 51 രൂപ, പഞ്ചാബിൽ 45 രൂപ, ആന്ധ്രാപ്രദേശിൽ 30 രൂപ, മഹാരാഷ്ട്രയിൽ 30 രൂപ പിന്നെ പാർലമെൻറിലേക്ക് താരതമ്യപ്പെടുത്തേണ്ട കാര്യമില്ല. ഇന്ന് നിലവിലിരിക്കുന്ന അലവൻസിന്റെ കാര്യത്തിലും ഡി. എ. യുടെ കാര്യത്തിലും കേരള സംസ്ഥാനത്താണ് ഏറ്റവും കുറവ്, അതുകൊണ്ട് ഇവിടെ തികച്ചും പരിമിതമായ ആവശ്യമെന്ന നിലയിലുള്ള വർദ്ധനവ് മാത്രമെ വരുന്നുള്ളു. ഇതിൽ ആക്ഷേപ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളോ വിമർശനങ്ങളോ ഉണ്ടാകേണ്ട കാര്യമില്ല. ഈ ബിൽ ഈ സഭയിലെ എല്ലാവരും ഒത്തൊരുമിച്ചുനിന്ന് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. ഇത് തയ്യാറാക്കുന്നതിനുമുമ്പുതന്നെ പാർട്ടിനേതാക്കന്മാരുമായി ഈ കാര്യത്തെക്കുറിച്ച് ആശയവിനിമയം നടത്തിയിട്ടുണ്ട്. പൊതുവേ എല്ലാവർക്കും സ്വീകാര്യമായ നിർദ്ദേശങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേദഗതി നിയമം പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

The question that the payment of Salaries and Allowances (Amendment) Bill, 1979 be taken into consideration, was put and carried.

The Bill was taken into consideration,

Clauses 2 to 7

The question that clauses 2 to 7 stand part of the Bill was put and carried.

Clauses 2 to 7 were added to the Bill.

Clause 1, Preamble and Title

The question that clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Chief Minister **Sri P. K. Vasudevan Nair** : Sir, I move that the Bill be finally passed.

Minister for Labour and Housing **Shri M. K. Raghavan** : Sir, I Second it.

The question that the payment of Salaries and Allowances (Amendment) Bill, 1979 be finally passed was put and carried.

The Motion was adopted and the Bill was finally passed.

X. ധനകാര്യം

ധനാഭ്യർത്ഥന നമ്പർ XXII

ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXV തൊഴിലും തൊഴിൽ സൗകര്യങ്ങളും

ധനാഭ്യർത്ഥന നമ്പർ XXXVIII ജലസേചനം

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി(ശ്രീ.എം.കെ.രാഘവൻ): ഭവനനിർമ്മാണം എന്ന 22-ാംധനാഭ്യർത്ഥനയുടെ പേരിൽ 5,98,14,500 രൂപയ്ക്കുള്ള ഗ്രാന്റനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു തൊഴിലും തൊഴിൽ സൗകര്യങ്ങളും എന്ന 25-ാം ധനാഭ്യർത്ഥന

LIBRARY ARCHIVES Kerala Legislative Assembly